സ്കൂളിന്റെ പേര് : ജി.എൽ.പി.എസ്. മംഗലം.

സ്കൂൾ കോഡ് : 3206200605

പഞ്ചായത്ത് : വടക്കഞ്ചേരി

താലൂക്ക് : ആലത്തൂർ

ജില്ല : പാലക്കാട്

ബി.ആർ.സി : ആലത്തൂർ

## ആമുഖം.

പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിലുള്ള വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മംഗലം ഗവ: എൽ പി സ്കൂൾ എന്ന ഈ വിദ്യാലയം മംഗലംപ്രദേശത്തുള്ള ഏറ്റവും സാധാരണക്കാരായ ആളുകളുടെ മക്കൾക്ക് ആശ്രയവും അഭിമാനവുമായി നിലകൊള്ളുന്നു. പ്രീപ്രൈമറി മുതൽ 4 വരെ ക്ലാസുകളിലായി 54 കുട്ടികളാണ് ഇവിടെയുള്ളത്. ഇവരിൽ പകുതിയിലേറെ ഹരിജൻ കുട്ടികളാണ്. ബാക്കിയുള്ള കുട്ടികളും സാമ്പത്തികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന മാതാപിതാക്കളുടെ കുട്ടികളാണ്. മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളുള്ള ഈ വിദ്യാലയം അക്കാദമിക രംഗത്തും മറ്റ് പ്രവർത്തനമേഖലകളിലും ഉയർന്ന നിലവാരം പുലർത്തുകയും ഈ നാട്ടിലെ എല്ലാ കാര്യങ്ങളിലും നാടിനോടും നാട്ടുകാരോടും ചേർന്നു പ്രവർത്തിക്കുകയും ചെയ്യുന്നു.

## പൊതുലക്ഷ്യങ്ങൾ.

* സ്കൂളിലെ മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്നതലങ്ങളിലേയ്ക്ക് എത്താൻ സഹായകമായ പഠനാന്തരീക്ഷം ഒരുക്കികൊണ്ട് സ്കൂൾ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.

* ജൈവ വൈവിധ്യ ഉദ്യാനം വിപുലീകരിക്കുക.
* അടുക്കളത്തോട്ടം, ജൈവ പച്ചക്കറി കൃഷി പരിപാലനം.
* ക്ലാസ്മുറികൾ സ്മാർട്ടാക്കുക.
* പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ പ്രത്യേക പരിഗണനയും പരിശീലനവും നൽകി മുഖ്യധാരയിലെത്തിക്കുകയും കഴിവിന്റെ സാധ്യമായ ഉയർന്ന തലത്തിലേയ്ക്ക് എത്തിക്കുകയും ചെയ്യുക.
* ആധുനിക സൗകര്യമുള്ള ഒരു വായനശാല സ്കൂളിൽ ഉണ്ടാക്കുക.
* സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളും ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ച് നടപ്പാക്കുക.
*

ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയിൽ പെടുത്തി മൂന്ന് ക്ലാസ്മുറികളുള്ള ഒരുകെട്ടിടവും 2000-2001 അധ്യയനവർഷത്തിൽ DPEP യുടെ വക മൂന്ന് ക്ലാസ് മുറികളും ഒരു ക്ലസ്റ്റർ റൂമും സ്കൂളിന് ലഭിച്ചു.

2012-13 അധ്യയന വർഷത്തിൽ SSA യിൽനിന്നും ലഭിച്ച ഫണ്ടുപയോഗിച്ച് ഓഫീസ് മുറിയും കമ്പ്യൂട്ടർ റൂമും വരാന്തയും ടൈലിട്ട് മനോഹരമാക്കി. അതേവർഷംതന്നെ MLA ഫണ്ടിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് സ്കൂളിന് സ്വന്തമായി ഒരു സ്കൂൾബസ് വാങ്ങി. കുട്ടികളുടെ യാത്രാസൗകര്യം മെച്ചപ്പെടാൻ ഇത് സഹായകമായിരുന്നു. യന്ത്രത്തകരാർ മൂലം 5വർഷമായി ഇത് ഉപയോഗയോഗ്യമല്ല.

III

## വിദ്യാലയം - മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

* സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകിക്കൊണ്ട് സ്കൂൾ മികവിന്റെ കേന്ദ്രമായി മാറ്റുക.
* പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ പ്രത്യേക പരിഗണനയും പരിശീലനവും

# വിദ്യാലയ ചരിത്രം

1929-ൽ വടക്കേക്കാട്ട് ശ്രീരാമൻ മേനോൻ ആണ് മംഗലം പ്രദേശത്തുള്ള പെൺകുട്ടികൾക്ക് വേണ്ടി ഈ സ്കൂൾ ആരംഭിച്ചത്. സ്വകാര്യ വിദ്യാലയമായിട്ടാണ് ഈ സ്ഥാപനം ആരംഭിച്ചത്. ആദ്യം പെൺകുട്ടികൾക്കുവേണ്ടിയാണ് തുടങ്ങിയതെങ്കിലും പിന്നീട് ആൺകുട്ടികൾക്കും പ്രവേശനം നൽകിത്തുടങ്ങി. 1956 വരെ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലായിരുന്നു. പിന്നീട് കേരളസംസ്ഥാനം രൂപം കൊണ്ടപ്പോൾ ഗവ. എൽ. പി. സ്കൂൾ മംഗലം എന്ന പേര് വന്നു. 1994 വരെ സ്ഥലപരിമിതിയും സൗകര്യക്കുറവും മൂലം വളരെ ദയനീയമായ അവസ്ഥയിൽ ആയിരുന്നു. അങ്ങനെ സ്കൂൾ നിന്നുപോകുമെന്ന അവസ്ഥവരെ ഉണ്ടായി. ഈ അവസരത്തിൽ മംഗലം പ്രദേശത്തെ നല്ലവരായ നാട്ടുകാർ ഒത്തുചേർന്ന് ഒരു കമ്മിറ്റിയുണ്ടാക്കി ഫണ്ട് രൂപീകരിച്ച് സ്ഥലവും കെട്ടിടവും വിലക്ക് വാങ്ങി 20/10/1994 ന് ഗവൺമെന്റിലേക്ക് വിട്ടുകൊടുത്തു. ഇത് ഈ സ്കൂളിന്റെ പുരോഗതിയിലേക്കുള്ള കാൽവെപ്പായിരുന്നു.

തുടർന്നങ്ങോട്ട് സ്കൂളിന്റെ പുരോഗതിയുടെ കാലമായിരുന്നു. 1997-ൽ ആലത്തൂർ

നൽകി മുഖ്യധാരയിലെത്തിക്കുകയും അതിന് വേണ്ട പ്രവർത്തനങ്ങൾ എല്ലാ ക്ലാസിലും ആസൂത്രണം ചെയ്യുകയും വേണം.

* ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുക.
* എല്ലാ ക്ലാസ് മുറികളിലും ഭാഷ, ഗണിത, ശാസ്ത്ര മൂലകൾ സജ്ജീകരിക്കുക.
* കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനായി മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും പരിഹാരമാർഗങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു.

## IV · നിലവിലെ അവസ്ഥാവിശകലനം.

### കുട്ടികളുടെ എണ്ണം.

| വിഭാഗം | പ്രീ പ്രൈമറി | | | I | | | II | | | III | | | IV | | | Total | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T |
| ജനറൽ | 0 | 4 | 4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 1 | 1 | 4 | 5 |
| OEC | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| SC | 5 | 3 | 8 | 3 | 1 | 4 | 2 | 0 | 2 | 3 | 1 | 4 | 2 | 0 | 2 | 15 | 5 | 20 |
| ST | 0 | 0 | 0 | 0 | 1 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 1 |
| Muslim | 0 | 0 | 0 | 0 | 1 | 1 | 1 | 0 | 1 | 0 | 0 | 0 | 0 | 1 | 1 | 1 | 2 | 3 |
| Other OBC | 10 | 2 | 12 | 4 | 1 | 5 | 2 | 4 | 6 | 0 | 0 | 0 | 2 | 0 | 2 | 18 | 7 | 25 |
| BPL | 15 | 9 | 24 | 7 | 4 | 11 | 5 | 4 | 9 | 3 | 1 | 4 | 5 | 1 | 6 | 35 | 19 | 54 |
| CWSN | 0 | 0 | 0 | 1 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 1 |
| Total | 15 | 9 | 24 | 7 | 4 | 11 | 5 | 4 | 9 | 3 | 1 | 4 | 5 | 1 | 6 | 35 | 19 | 54 |

1 മുതൽ 4 വരെ ക്ലാസുകളിലായി 30 കുട്ടികളും പ്രീപ്രൈമറിയിൽ 24 കുട്ടികളും കൂടി ആകെ 54 കുട്ടികൾ ആണുള്ളത്. ഇവരിൽ 20 പേര് SC വിഭാഗത്തിലും മറ്റ് 25 കുട്ടികൾ മറ്റ് പിന്നോക്കവിഭാഗത്തിലും 5 കുട്ടികൾ ജനറൽ വിഭാഗത്തിലുമാണ്. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ളവരാണ് എല്ലാ വിദ്യാർഥികളും. ഭൂരിഭാഗം രക്ഷിതാക്കളും വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നതിനാൽ പഠനകാര്യങ്ങളിൽ സഹായിക്കാൻ കഴിയുന്നില്ല.

## അധ്യാപകരുടെ എണ്ണം

പ്രീ പ്രൈമറി . പ്രീപ്രൈമറിയിൽ ഒരു സ്ഥിരം അധ്യാപികയും ഒരു ഹെൽപറും ഉണ്ട്. ഈ അധ്യയന വർഷം മുതൽ പ്രീപ്രൈമറി ക്ലാസ് രണ്ട് ഡിവിഷനുകളായി തിരിച്ച് ഒരു അധ്യാപികയെ PTA യുടെ ചിലവിൽ നിയമിച്ചിട്ടുണ്ട്. ഇത് പ്രീപ്രൈമറിയിലെ കുട്ടികളെ കൂടുതൽ ശ്രദ്ധിക്കുന്നതിനും അവരുടെ പഠനം മികച്ചതാക്കാനും സഹായിച്ചിട്ടുണ്ട്.

### എൽ. പി. തലം.

1 മുതൽ 4 വരെ ക്ലാസുകളിലായി ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 4 അധ്യാപകരും ഒരു അറബി അധ്യാപികയും ഉണ്ട്. SSA യിൽ നിന്നും നിയമിക്കപ്പെട്ട PT അധ്യാപിക ആഴ്ചയിൽ ഒരു ദിവസം ഇവിടെ സേവനം ചെയ്യുന്നുണ്ട്.

### അനധ്യാപകർ

ഒരു PTCM ഇവിടെ സ്ഥിരമായുണ്ട്.

---

### മറ്റ് അക്കാദമികഘടകങ്ങൾ.

SRG നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ആഴ്ചതോറും അല്ലെങ്കിൽ രണ്ടാഴ്ചയിലൊരിക്കൽ നിർബന്ധമായും ചേർന്ന് അക്കാദമിക കാര്യങ്ങൾ വിലയിരുത്തുന്നു.

സ്കൂൾ കലണ്ടർ :- വർഷാരംഭം തന്നെ തയ്യാറാക്കുന്നു. ഓരോ മാസവും വേണ്ട കൂടിച്ചേരലുകൾ നടത്തുന്നു.

ക്ലാസ് മുറികളുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും ലഭ്യത

| അടിസ്ഥാന സൗകര്യങ്ങൾ | എണ്ണം / അവസ്ഥ |
|---|---|
| RC ക്ലാസ്മുറികൾ | 4 |
| ഹാൾ | 1 |
| ഓഫീസ് / സ്റ്റാഫ് റൂം | 1 |
| കമ്പ്യൂട്ടർ റൂം | 1 |
| പാചകപ്പുരയും സ്റ്റോർ മുറിയും | 1+1 (വേണ്ടത്ര സൗകര്യമില്ല) |
| പ്രീപ്രൈമറി ക്ലാസുകൾ | 2 |
| സ്റ്റേജ് | 1 |
| ലൈബ്രറി റൂം | ഉണ്ട്. |
| ക്ലാസ് ലൈബ്രറി | എല്ലാ ക്ലാസിലും ഉണ്ട്. |
| ക്ലസ്റ്റർ റൂം | 1 |
| ടോയ്‌ലറ്റ് കം യൂറിനൽ Girls | 2+2 |
| " " Boys | 2+2 |
| മഴവെള്ള സംഭരണി | ഉണ്ട് |

ആവശ്യത്തിന് ക്ലാസ്മുറികൾ ഉണ്ട്. എല്ലാ ക്ലാസ്മുറികളും വൈദ്യുതീകരിച്ചവയാണ്. കൂടാതെ ലൈറ്റ്, ഫാൻ ഡിസ്പ്ലേ ബോർഡ്, കുടിവെള്ളം എന്നിവ എല്ലാ ക്ലാസിലും ഉണ്ട്. ഒരു കുഴൽക്കിണർ ഉണ്ട്. അതിൽ നിന്നാണ് സ്കൂൾ ആവശ്യങ്ങൾക്കുള്ള വെള്ളം ലഭ്യമാവുന്നത്. കുട്ടികൾക്ക് കൈ കഴുകാനും പാത്രം കഴുകാനും വേണ്ടത്ര ടാപ്പുകൾ ഉണ്ട്.

റാമ്പ് 4 റെയിൽ സൗകര്യം രണ്ട് കെട്ടിടത്തിനും ഉണ്ട്. 3 കമ്പ്യൂട്ടർ, 1 ടിവി, 1 ലാപ്ടോപ്പ് , 1 projector മുതലായ സൗകര്യങ്ങളും ഉണ്ട്.

## V പ്രശ്നങ്ങൾ, വെല്ലുവിളികൾ

- നിരക്ഷരരായ രക്ഷിതാക്കളാണ് സ്കൂളിന്റെ പ്രധാന ദൗർബല്യം. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന രക്ഷിതാക്കളിൽ പകുതിയിലധികം നിരക്ഷരരാണ്. അതിനാൽ കുട്ടികളെ കൃത്യമായും ചിട്ടയായും സ്കൂളിലയക്കാനും പഠനകാര്യങ്ങളിൽ അവരെ സഹായിക്കാനും അവർക്ക് കഴിയാറില്ല.
- സാക്ഷരരായ രക്ഷിതാക്കൾ ഇംഗ്ലീഷ് മീഡിയത്തോടുള്ള താൽപര്യം മൂലം ഇവിടേക്ക് കുട്ടികളെ അയക്കാൻ മടി കാണിക്കുന്നു.
- രണ്ട് ഡിവിഷനുകൾ നിലനിന്നിരുന്ന കാലത്ത് ഇംഗ്ലീഷ് മീഡിയം തുടങ്ങാൻ കഴിയാതെ പോയത് ഒരു പ്രധാന പ്രശ്നമായി നിലകൊള്ളുന്നു.
- പിന്നോക്കക്കാരായ കുട്ടികൾക്ക് വേണ്ടി നടത്തുന്ന പ്രത്യേക പ്രവർത്തനങ്ങളിൽ പോലും അവർ മുടങ്ങുന്നത് അവരുടെ പിന്നോക്കാവസ്ഥയെ മറികടക്കുന്നതിന് തടസ്സമാവുന്നു.

# മേഖലകൾ

## 1. മേഖല:

### സമഗ്ര ഗുണമേന്മാ ക്യാമ്പെയ്ൻ-ന്റെ തറയോഗങ്ങൾ

ലക്ഷ്യം - വിദ്യാഭ്യാസമേഖലയിലെ പുത്തൻ ഗുണമേന്മകൾ രക്ഷിതാക്കളെയും സമൂഹത്തെയും അറിയിക്കുന്നതിനും ചർച്ചയിലൂടെ പുതിയ ആശയങ്ങൾ രൂപപ്പെടുത്തുന്നതിനും വേണ്ടി.

ആമുഖം - ഒരു സ്കൂളിന്റെ / വിദ്യാർത്ഥികളുടെ വികസനം സമൂഹത്തിന്റെ സഹായത്തോടു കൂടിയാണ് മെച്ചപ്പെടുത്തേണ്ടത്. അതിന് ഇതിനായി അവരെ ഒപ്പം കൂട്ടേണ്ടതുണ്ട് വിദ്യാലയത്തിന്റെ ആവശ്യഘടകമാണ്.

പ്രവർത്തനത്തിന്റെ പേര് - സൗഹൃദക്കോലായ.

പ്രവർത്തനം - അധ്യയനവർഷത്തിലെ ഓരോ ടേമിലും വിദ്യാർത്ഥികൾ നേടിയ അറിവ് തുടർന്നും കുട്ടികൾ നേടേണ്ട കഴിവ് ഇവ ഉൾപ്പെടുത്തി സ്കൂൾ പരിധിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ കുട്ടികളെയും രക്ഷിതാക്കളെയും മറ്റുള്ളവരെയും ഉൾപ്പെടുത്തിക്കൊണ്ട് ആ പ്രദേശത്തെ സൗകര്യപ്രദമായ ഒരിടത്ത് (വീട്, വരാന്ത, അങ്കണവാടി) കേന്ദ്രമാക്കി കുട്ടികളുടെ പഠനമികവുകൾ അവതരിപ്പിക്കുകയും സമഗ്ര ഗുണമേന്മയെ കുറിച്ച് ഒരു ടീച്ചറുടെ നേതൃത്വത്തിൽ ക്ലാസും ചർച്ചയും നടത്തുകയും ചെയ്യുന്നു. തുടർന്ന്

അടുത്ത വർഷം സ്കൂൾ നടത്താനുദ്ദേശിക്കുന്ന പ്രവർത്തന 11
ങ്ങളെക്കുറിച്ച് അവരെ അറിയിക്കുന്നു. ഇങ്ങനെ ഓരോ
വിഷയത്തിന്റെ/പ്രവർത്തനത്തിന്റെ രക്ഷിതാക്കളുടെയും
സമൂഹത്തിന്റെയും പിന്തുണയും സഹകരണവും ഉറപ്പാക്കുന്നു

കാലയളവ് - വർഷത്തിൽ 3 തവണ വീതം.

സ്ഥലം. - വാവൂക്കുന്ന്കാട്, വടക്കേത്തറ, ചോഴിക്കോട്
തൃച്ചിനത്തോടി, ചേറ്റുംകോട്, തെക്കേത്തറ,
വഴുവക്കോട്, കിഴക്കേത്തറ.

ചുമതല - PTA, SMC, SRG.
ചെലവ് - 5000 രൂപ
സാമ്പത്തികസ്രോതസ്സ് - SMC
മോണിറ്ററിംഗ് - SMC ചെയർമാൻ, വാർഡുമെമ്പർ.

# മേഖല-2 സമിതികളും സഹകരണവും

ലക്ഷ്യം - വിദ്യാലയത്തിന്റെ വിവിധ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനകീയ സമിതികളുടെയും പിന്തുണയും സഹകരണവും ഉറപ്പാക്കുക.

ആശയം - സ്കൂളിന്റെ ഓരോ പ്രവർത്തനങ്ങളും പൂർണമായ അർത്ഥത്തോടെ ലക്ഷ്യം കാണുന്നതിന് വേണ്ടി സമൂഹത്തിന്റെ പിന്തുണ പൂർണമായ അർത്ഥത്തിൽ തന്നെ ആവശ്യമാണ്. ഇതിനായി സ്കൂളിൽ വിവിധ സമിതികൾ രൂപീകരിക്കുകയും ഇവയ്ക്ക് നേതൃത്വം നൽകാൻ പ്രാപ്തരായവരെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

പ്രവർത്തനത്തിന്റെ പേര് - സന്നദ്ധസംഘം.

പ്രവർത്തനം - അക്കാദമിക വർഷത്തിൽ തന്നെ വിദ്യാലയ സംരക്ഷണസമിതി, പി.ടി.എ. രൂപീകരണം. ജാഗ്രതാസമിതി ~~ഇവ രൂപീകരിക്കുന്നതിനു~~ വേണ്ടി സ്കൂൾ ജനറൽബോഡി വിളിച്ചു ചേർക്കുകയും ഓരോ സമിതിയുടെയും പ്രവർത്തനങ്ങൾ ഇതിൽ വെളിപ്പെടുത്തുകയും നേട്ടം, കോട്ടം ഇവ ചർച്ചയ്ക്ക് വിധേയമാക്കുകയും തുടർന്ന് സമിതികളിലേക്ക് പുതിയ പ്രവർത്തകരെ തെരഞ്ഞെടുക്കുകയും സമിതി നിയന്ത്രിക്കാൻ പ്രാപ്തരായ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

കാലയളവ് - ഒരു വർഷം
ചുമതല - SMC, PTA
ചെലവ് - 2000 രൂപ
സാമ്പത്തിക സ്രോതസ്സ് - PTA
മോണിറ്ററിംഗ് - വാർഡുമെമ്പർ.

# മേഖല-3 പരിശീലന പ്രവർത്തനങ്ങൾ

ലക്ഷ്യം - കുട്ടികളുടെ സമഗ്ര വിദ്യാഭ്യാസ നിലവാരം ഉയരുന്നതിനും അതിന് അധ്യാപകരെ/രക്ഷിതാക്കളെ പ്രാപ്തരാക്കുന്നതിന് വേണ്ടി.

ആശയം - മാറി വരുന്ന വിദ്യാഭ്യാസ ചിന്തകൾക്കനുസരിച്ച് കുട്ടികൾക്ക് ലഭിക്കേണ്ടതായ അറിവുകൾ കൃത്യമായി അവരിൽ എത്തിച്ചേരുന്നതിന് അധ്യാപകർക്കും രക്ഷിതാക്കൾക്കും നൂതന അറിവുകൾ നൽകേണ്ടതുണ്ട്.

പ്രവർത്തനത്തിന്റെ പേര് - അധ്യാപക പരിശീലനം.

പ്രവർത്തനം - സ്കൂൾ തുറക്കും മുമ്പുതന്നെ വിദ്യാഭ്യാസവകുപ്പ് നൽകിവരുന്ന അവധിക്കാല പരിശീലനത്തിൽ എല്ലാ അധ്യാപകരും മുഴുവൻ സമയവും പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. ഈ വിവരങ്ങൾ (മാറ്റങ്ങളും പ്രത്യേകതകളും) രക്ഷിതാക്കളെ അറിയിക്കുന്നതിനും ബോധ്യപ്പെടുത്തുന്നതിനും [illegible] യോഗങ്ങൾ വിളിക്കുകയും അവരുമായി ഇത് ചർച്ച ചെയ്യുകയും ചെയ്യുന്നു. തുടർന്ന് ക്ലാസ്സുകൾക്കാവശ്യമായ പഠനോപകരണങ്ങൾ തയാറാക്കുകയും ചെയ്യുന്നു. ഇത് ഓരോ ടേമിലും നടത്തേണ്ടതാണ്.

കാലയളവ് - വർഷത്തിൽ 4 തവണ

ചുമതല - PTA, SRG

ചെലവ് - 5000 രൂപ

സാമ്പത്തിക സ്രോതസ്സ് - PTA

മോണിറ്ററിംഗ് - HM, SMC ചെയർമാൻ.

## മേഖല - 4 ഗവേഷണ പ്രവർത്തനങ്ങൾ



ലക്ഷ്യം - ഓരോ അധ്യാപകരെയും വിദ്യാർത്ഥികളെയും ശാസ്ത്രബോധവും ഗവേഷണതൽപരരുമാക്കുക.

ആമുഖം - വിദ്യാഭ്യാസമേഖലയിലെ ഉയർന്ന ലക്ഷ്യങ്ങളിൽ ഒന്നായ ഗവേഷണസ്വഭാവം അധ്യാപകരിലും കുട്ടികളിലും ഇതിലും അവബോധം ഉണ്ടാക്കുന്നതിന്

പ്രവർത്തനത്തിന്റെ പേര് - സൂക്ഷ്മദർശിനി.

പ്രവർത്തനം - ഓരോ കുട്ടിയും വ്യത്യസ്ത സ്വഭാവവും കഴിവും ഉള്ളവരാണ്. അവരെക്കുറിച്ച് പൂർണ്ണമായി മനസ്സിലാക്കണമെങ്കിൽ ഓരോ അധ്യാപകനും ഓരോ ഗവേഷകനാവണം. ഓരോ കുട്ടിയെക്കുറിച്ചും സമഗ്രമായി അറിയുന്നതിന് വേണ്ടി കുടുംബ സന്ദർശനം, സൗഹൃദ ചർച്ച എന്നിവയൊക്കെ നടക്കേണ്ടതുണ്ട്. ഇങ്ങനെ ക്ലാസ്സിലെ ഓരോ കുട്ടിയെക്കുറിച്ചും വാങ്മയചിത്രം രേഖപ്പെടുത്തുന്നു.

കുട്ടികളിലും വിവിധ ശാസ്ത്ര-സാമൂഹ്യ പ്രശ്നങ്ങൾ ഗവേഷകസ്വഭാവത്തോടെ തിരഞ്ഞെടുക്കുകയും പരിഹാരത്തിൽ രേഖകൾ അടങ്ങിയ രേഖ ഉണ്ടാക്കുന്നതിനുള്ള അവബോധം നൽകുകയും ചെയ്യുന്നു.

കാലയളവ് - ഓരോ പ്രശ്നത്തിനനുസരിച്ചുള്ള കാലയളവ്

ചുമതല - HSRG

ചെലവ് - 1000 രൂപ

സാമ്പത്തിക സ്രോതസ്സ് - PTA

മോണിറ്ററിംഗ് - H.M, SMC

# മേഖല - 5 അക്കാദമിക പ്രവർത്തനങ്ങൾ

(15)

ലക്ഷ്യം – വിദ്യാഭ്യാസപ്രക്രിയയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്.

ആമുഖം - കുട്ടികളുടെ സമഗ്രവിദ്യാഭ്യാസത്തിന്റെ സാധ്യതകൾ പൂർണമായും വിനിയോഗിക്കുകയും കാര്യക്ഷമമായി പൂർത്തീകരിക്കാനാവുകയും ചെയ്യുക. ഇതിന് വേണ്ടി അനേകം പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്.

പ്രവർത്തനത്തിന്റെ പേര് - പൂർണം

പ്രവർത്തനം - ഒരു സ്കൂൾ കലണ്ടർ കാലത്ത് സമഗ്രഗുണമേന്മാവിദ്യാഭ്യാസം കുട്ടികളിലെത്തിക്കുന്നതിനുവേണ്ടി വിവിധ പ്രവർത്തനങ്ങൾ സ്കൂളിൽ ഒരുക്കേണ്ടതുണ്ട്.

ഓരോ ക്ലാസ്സിലും ഓരോ വിഷയത്തിലും കുട്ടികൾക്ക് ലഭിക്കേണ്ട ശേഷികൾ കൃത്യമായി പഠിക്കുകയും ലഭിക്കാത്തവ തുടർപ്രവർത്തനങ്ങളിലൂടെ പഠിപ്പിക്കുകയും ചെയ്യുമെന്ന് ഉറപ്പുവരുത്തുന്നു. ഭാഷ, ഗണിതം, EVS, ഇംഗ്ലീഷ്, സർഗാത്മകത, കലാകായികം എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

കാലയളവ് - ഓരോ പ്രവർത്തനത്തിനും പ്രത്യേക കാലയളവ്

ചുമതല - Class Teacher

ചെലവ്
സാമ്പത്തിക - 1000

സ്രോതസ്സ് - PTA

മോണിറ്ററിംഗ് - HM

# മേഖല - 6 മൂല്യനിർണയം

ലക്ഷ്യം – കുട്ടികളിൽ അന്നത്തെ പാഠഭാഗത്തു ലഭിക്കേണ്ട ലക്ഷ്യങ്ങൾ നേടിയിട്ടുണ്ടോ എന്നും പരിഹാര മാർഗങ്ങൾ നൽകേണ്ടവയെ തിരിച്ചറിയുന്നതിനും.

ആശയം – ഓരോ കുട്ടിയും പാഠഭാഗത്ത് നിന്നും ലഭിക്കേണ്ട ശേഷികൾ നേടിയിട്ടുണ്ടോ എന്ന് നിരന്തരം മൂല്യനിർണയവും പാഠാവസാനത്തെ സ്കോർ നടത്തി ടീച്ചർ കുട്ടിയെ മനസിലാക്കുന്നു. തുടർ പ്രവർത്തനം നൽകുന്നു.

പ്രവർത്തനത്തിന്റെ പേര് – ആത്മപരിശോധന. [സെൽഫി]

പ്രവർത്തനം – സമഗ്രവിദ്യാഭ്യാസത്തിന്റെ ഭാഗമായി ഓരോ കുട്ടിക്കും ഓരോ പാഠത്തിൽ നിന്നും ലഭിക്കേണ്ട ശേഷികൾ വിലയിരുത്തുകയും പരിഹാരമാർഗങ്ങൾ തുടർപ്രവർത്തനത്തിലൂടെ നൽകുകയും ചെയ്യുന്നു. കൂടാതെ മാസത്തിൽ ഒന്ന് എന്ന രീതിയിൽ ക്ലാസ്ടെസ്റ്റുകൾ നടത്തുന്നു. തുടർന്ന് C.P.T.A വിളിച്ചുചേർത്ത് അക്കാദമികമികവുകൾ രക്ഷിതാക്കളുമായി പങ്കുവെക്കുന്നു. ഓരോ കുട്ടിയും ഓരോ യൂണിറ്റായി കണ്ടുകൊണ്ട് അവരെ ഗവേഷണ സ്വഭാവത്തോടെ നിരീക്ഷിക്കുകയും ആവശ്യമായ ശേഷികളും നേടുന്നതിനു വേണ്ടി വ്യത്യസ്ത പ്രവർത്തനങ്ങൾ നൽകുകയും ചെയ്യുന്നു. പരീക്ഷകളെ പേടിയോടെ കാണാതിരിക്കുന്നതിനുവേണ്ടി പുസ്തകങ്ങൾ ഉപയോഗിച്ചുള്ള പരീക്ഷ (Open Book Exam) H.W.ആയി ബന്ധപ്പെട്ട പരീക്ഷ. (വീട്ടുപരീക്ഷ) എന്നിവ നടത്തുന്നു.

കുട്ടികൾക്ക് കിട്ടിയ ശേഷികളുടെ ഒരു ക്രോഡീകരണം നടക്കുന്നു.

(17)

കാലയളവ് - നിരന്തരം.

ചുമതല - ക്ലാസ് ടീച്ചർ

മോണിറ്ററിംഗ് - HM

## മേഖല-7 സാങ്കേതിക സൗഹൃദ വിദ്യാഭ്യാസരീതി.

ലക്ഷ്യം - കുട്ടികൾ ലളിതവും സുഖകരവും രസകരവുമായ പാഠഭാഗങ്ങൾ പഠിക്കുന്നു.

ആവശ്യം - കുട്ടികളുടെ പഠനത്തിൽ നൂതനസാങ്കേതികവിദ്യകൾ കൃത്യമായി ഉപയോഗിക്കുന്നതിന്.

പ്രവർത്തനത്തിന്റെ പേര് - ഇ-വിദ്യ

പ്രവർത്തനം - ഓരോ കുട്ടിക്കും അതതു ക്ലാസിൽ നിന്നും കിട്ടേണ്ടതായ ശേഷികൾ കൃത്യമായി ലഭിക്കുന്നതിന് വേണ്ടി പഠനം ലളിതവും സുഖകരവും രസകരവുമാക്കുന്നതിന് സാങ്കേതികവിദ്യകൾ ഓരോ ക്ലാസിലും കൃത്യമായി ഉപയോഗിക്കേണ്ടതുണ്ട്. അതിനായി ലാപ്ടോപ്പ്, പ്രൊജക്ടർ ഇവ പ്രയോജനപ്പെടുത്താം. മൊബൈൽ ഫോണും ഒരു പഠനോപകരണം തന്നെ. ഇവ ഉപയോഗിച്ചുള്ള പഠനം കുട്ടികൾ ഏറെ ഇഷ്ടപ്പെടുന്നു. ഇതുവഴി നാം ഉദ്ദേശിക്കുന്ന പഠനനേട്ടങ്ങൾ കൃത്യമായി നേടിയെടുക്കാനാകും. അധ്യാപകരെ സഹായിക്കാൻ 'സമഗ്ര', സഹിതം, ക്ലാസ്‌തല വാട്സ്-ആപ്പ് ഗ്രൂപ്പുകൾ. ഇവയൊക്കെ നിലവിലുണ്ട്. ഇത് അധ്യാപകന് സ്വയം വിലയിരുത്തുന്നതിനും സ്വയം പഠനത്തിനും സഹായിക്കുന്നു.

കാലയളവ് - നിരന്തരം

ചുമതല - ക്ലാസ്ടീച്ചർ

മോണിറ്ററിംഗ് - HM, SRG

## മേഖല - 8 ഭരണപരമായ പ്രവർത്തനങ്ങൾ

ലക്ഷ്യം - സ്കൂൾ പ്രവർത്തനങ്ങൾ സുതാര്യവും സമ്പുഷ്ടവും പ്രയോജനപ്രദവും ആക്കുന്നു.

ആശയം - സ്കൂളിന്റെ അക്കാദമിക - ഭൗതിക വികസനം കാര്യക്ഷമമായി നടത്തുന്നതിന് ഭരണസമിതികൾക്കുള്ള പ്രാധാന്യം.

പ്രവർത്തനത്തിന്റെ പേര് -

പ്രവർത്തനം - സ്കൂളിന്റെ സമഗ്ര വികസന പ്രവർത്തനങ്ങൾക്ക് ഭരണപരമായ നേതൃത്വം ആവശ്യമാണ്. ഭൗതികമായ കാര്യങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വളരെ പ്രധാനപ്പെട്ട പങ്കുവഹിക്കാനുണ്ട്. അതിന്റെ പ്രതിനിധി എന്ന നിലയിൽ വാർഡു മെമ്പർക്കും. കൂടാതെ സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് വിദ്യാഭ്യാസ സംരക്ഷണ സമിതി (SMC), PTA, പൂർവ വിദ്യാർത്ഥി സംഘടന എന്നിവർക്കും ഇതിനു കഴിയുന്നുണ്ട്. അക്കാദമിക കാര്യങ്ങളിൽ ഭരണത്തലവൻ H.M. ആണ്. കൂടാതെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ SRG പ്രയോജനപ്പെടുത്താം. കുട്ടികളുടെ നിയമസഭയും ഇതിന് പ്രധാനപങ്ക് വഹിക്കുന്നു. മറ്റു അധ്യാപക പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് അധ്യാപക സമിതികൾ നിലവിലുണ്ട്. കൂടാതെ സ്കൂളിന്റെ ഓരോ പരിപാടിക്കും പ്രത്യേകം പ്രത്യേകം സമിതികളുണ്ട്. ഇവയെല്ലാം കാര്യക്ഷമമായി പ്രവർത്തിച്ചാൽ നമുക്ക് മികച്ച നേട്ടം കൈവരിക്കാമെന്ന് ഉറപ്പിക്കാം.

# ഒന്ന്
# പ്രവർത്തനങ്ങൾ

പ്രവർത്തനത്തിന്റെ
പേര് - നിയമസഭ.

ലക്ഷ്യം - കുട്ടികളിൽ സാമൂഹ്യബോധവും സംഘബോധവും സഹജീവി സ്നേഹവും നേതൃപാടവവും ഭരണപരിചയവും ലഭിക്കുന്നു.

ആശയം - കൃത്യമായ ഇലക്ഷൻ പ്രക്രിയയിലൂടെ സ്കൂൾ നിയമസഭാ സാമാജികരെ തെരഞ്ഞെടുക്കുകയും വകുപ്പുമന്ത്രിമാർ, മുഖ്യമന്ത്രി എന്നിവരുടെ ചുമതലകൾ നൽകി പ്രവർത്തനം സംഘടിപ്പിക്കുകയും ചെയ്യുന്നു.

പ്രവർത്തനം - ജൂലൈമാസം കുട്ടികളുടെ നിയമസഭ രൂപീകരിക്കുന്നതിന്റെ ഭാഗമായി നാമനിർദേശപത്രിക സമർപ്പണം, പത്രിക പിൻവലിക്കൽ, ചിഹ്നം നൽകൽ തുടർന്ന് പ്രചാരണപരിപാടികൾ നടത്തുകയും ക്ലാസ് എം.എൽ.എ.മാരെ തെരഞ്ഞെടുക്കുകയും അവർ നിയമസഭ മന്ത്രിസഭ രൂപീകരിക്കുകയും ചെയ്യുന്നു.

മുഖ്യമന്ത്രി സ്കൂൾ ലീഡറായും മറ്റു മന്ത്രിമാർ അതത് ക്ലബ്ബ് സെക്രട്ടറിമാരായും പ്രവർത്തിക്കുന്നു. ഇങ്ങനെ സ്കൂളിന്റെ ഓരോ പ്രവർത്തനത്തിനും കുട്ടികളുടെ മികച്ച പിന്തുണയും അവർക്ക് അതിനോടുള്ള താൽപര്യവും കൂടുതൽ ജനിപ്പിക്കാൻ കാരണമാകുന്നു.

മേഖല – അക്കാദമികം

വിഷയം - പൊതുവിജ്ഞാനം നേടാം. ലോകത്തെ അറിയാം.

ലക്ഷ്യം - കുട്ടികളിലെ പത്രവായനാശീലം വളർത്താനും പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും വേണ്ട പരിശീലനം നൽകുക

ആമുഖം - മത്സരാധിഷ്ഠിത ലോകത്താണ് നാം ജീവിക്കുന്നത്. പൊതുവിജ്ഞാനം ഇല്ലാത്തവന് ഒരു മത്സരപരീക്ഷയിലും വിജയം നേടാനാവില്ല. അറിയുവാനുള്ള അവസരങ്ങൾ ചെറിയ ക്ലാസ്സിൽ തന്നെ കുട്ടികൾക്ക് ലഭ്യമാക്കാൻ ഇത്തരം പ്രവർത്തനങ്ങൾ വേണം.

പ്രവർത്തനങ്ങൾ

ജൂൺ - സാഹിത്യലോകത്തെ അറിവുകൾ നോട്ടീസ് ബോർഡിൽ വായനദിനവുമായി ബന്ധപ്പെട്ട് സാഹിത്യകാരന്മാരെയും മലയാള ഭാഷയെയും കുറിച്ചുള്ള ഒരു ക്വിസ് മത്സരം സംഘടിപ്പിക്കുക.

ജൂലൈ - ചാന്ദ്രദിന ക്വിസ്, ബഹിരാകാശ വിവരങ്ങൾ വിജ്ഞാനപ്രദങ്ങളായ കുറിപ്പുകൾ. നോട്ടീസ് ബോർഡിലും അസംബ്ലിയിൽ ചോദ്യം ചോദിക്കലും.

ആഗസ്റ്റ് - ഇന്ത്യൻ സ്വാതന്ത്ര്യസമരം മുന്നണിപ്പോരാളികൾ തുടങ്ങി ഇന്ത്യയെ കുറിച്ചുള്ള ക്വിസ് മത്സരം എന്റെ ഭാരതം ക്വിസ്.

സെപ്റ്റംബർ -

ഒക്ടോബർ - 'ബാപ്പുജിയെ അറിയാൻ' ക്വിസ്. ഗാന്ധിജിയെക്കുറിച്ചുള്ള പുസ്തകങ്ങൾ ചോദ്യോത്തരങ്ങൾ, ലഘുലേഖകൾ എന്നിവ വായനമൂലയിൽ.

നവംബർ - "ചാച്ചാജി കുട്ടികളുടെ കൂട്ടുകാരൻ' ക്വിസ്, നെഹ്റുവിനെക്കുറിച്ചുള്ള പുസ്തകങ്ങൾ, കുറിപ്പുകൾ വായനയ്ക്ക് നൽകുന്നു.

- 'എന്റെ കേരളം' ക്വിസ്, കേരളത്തിലെ നവോത്ഥാന നായകന്മാർ, ഭരണാധികാരികൾ, ജില്ലകൾ പ്രത്യേകതകൾ.

ഡിസംബർ - വിവിധ ആഘോഷങ്ങളും ഉത്സവങ്ങളും വിശദമാക്കുന്ന ഒരു ക്വിസ്.

ജനുവരി - എന്റെ ഭാരതം ക്വിസ്-2 ഇന്ത്യയുടെ ഭൂപടം, സംസ്ഥാനങ്ങൾ, പ്രത്യേകതകൾ, സംസ്ഥാന ചിഹ്നങ്ങൾ, നിലവിൽ വന്ന വർഷം, എന്നിവ വിശദമാക്കുന്ന ക്വിസ്.

ഫെബ്രുവരി - ശാസ്ത്രദിനത്തോടനുബന്ധിച്ച് "സയൻസ് മനുഷ്യന്റെ സഹായി" ക്വിസ്, ലഘുപരീക്ഷണങ്ങൾ

മേഖല : അക്കാദമികം ഉപമേഖല : നാലാം ക്ലാസ് മാതൃകാ ക്ലാസ്

ലക്ഷ്യം : നാലാം ക്ലാസിൽ നിന്നും പുറത്തിറങ്ങുന്ന കുട്ടികൾ വായന എഴുത്ത് ഗണിത ശേഷികൾ കൈവരിക്കുന്നവരായി ത്തീർക്കുക

ഉദ്ദേശ്യം : നാലാം ക്ലാസിൽ നിന്നും പുറത്തു പോകുന്ന കുട്ടികൾ മികവുള്ളവരാക്കുന്ന വേളയിൽ അതിനുവേണ്ട പ്രവർത്തനം 1-ാം ക്ലാസിൽ തന്നെ ആരംഭിക്കണം ഒന്നാം ക്ലാസിൽ നിന്നുതന്നെ പിന്നോക്കം നിൽക്കുന്ന വരെ കണ്ടെത്തി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പരിശീലനം നൽകണം

പ്രവർത്തനങ്ങൾ : ഒന്നാം ക്ലാസ് മുതൽ എല്ലാ ക്ലാസിലും ജൂൺ മാസത്തിൽ തന്നെ pre test നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. ക്ലാസ് പിടിഎ വിളിച്ച് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. കുട്ടികൾക്ക് എല്ലാ ദിവസവും ഒരു പിരീഡ് പ്രത്യേക പരിശീലനം നൽകുന്നു. പഠനസാമഗ്രികൾ വിതരണം ചെയ്യുന്നു. 1, 2 ക്ലാസുകളിൽ അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ലഘുവാക്യ രചന ക്രിയ എന്നിവ ഉറപ്പിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നൽകുന്നു 3,4 ക്ലാസുകളിൽ ഖണ്ഡിക വായന, ആസ്വാദന കുറിപ്പ് തുടങ്ങിയവ നൽകുന്നു ഇടക്കാല വിലയിരുത്തൽ നടത്തുന്നു. SRGയിൽ അവലോകനം-

(23)

ആശയം. പരിസ്ഥിതി സൗഹൃദമായ ഒരു
വിദ്യാലയം എന്നതിലൂടെ ലോകത്തെ
മുഴുവൻ ജീവികളെയും സ്വയം സുസ്ഥിര
വികസനത്തിന് വേണ്ടി പോരാടുന്ന
പരിഷ്കാരം ചെയ്യുന്ന മനുഷ്യരാക്കി
പ്രകൃതിസ്നേഹമുള്ള വിദ്യാർത്ഥി
സമൂഹത്തെ വാർത്തെടുക്കുക.

പ്രവർത്തനങ്ങൾ:

ഓരോ കുട്ടിയും തന്റെ പരിസര നിരീക്ഷണത്തിൽ പരിസരത്തിലെ ജൈവ അജൈവ വസ്തുക്കൾ കണ്ടെത്തി ലിസ്റ്റ് ചെയ്യാൻ വർക്ക് ഷീറ്റ് നൽകുന്നു ഉദാ: കിണർ, വല, പുഴ, കുളം, വയലുകൾ, കിണറുകൾ ഇവയെ കേന്ദ്രീകരിച്ച് ഇവിടുത്തെ ജീവജാലങ്ങളെ കണ്ടെത്താനും ലിസ്റ്റ് ചെയ്യാനും അവസരം.

ദിനാചരണങ്ങൾ: പരിസ്ഥിതി ദിനം, ഓസോൺ ദിനം
തുടങ്ങിയവ വിപുലമായ പരിപാടി-
കളോടെ ആചരിക്കൽ

കാലയളവ്: 1 വർഷം

സാമ്പത്തികം: അധ്യാപകർ, പിടിഎ

മോണിറ്ററിംഗ്: HM, പിടിഎ.

മേഖല – വായനാപരിപോഷണം.

ലക്ഷ്യം - എല്ലാ കുട്ടികൾക്കും എഴുതാനും വായിക്കാനും അറിയുക എന്നതിലുപരി അവരെ വായനയുടെ ആസ്വാദനതലത്തിലേക്കും സർഗാത്മക തലത്തിലേക്കും നയിക്കുക എന്നതുകൂടിയാവണം നമ്മുടെ ലക്ഷ്യം

ആവശ്യം - സ്കൂളിൽ പഠിക്കുന്ന ഭൂരിഭാഗം കുട്ടികളും സമൂഹത്തിന്റെ താഴെത്തട്ടിൽ നിന്ന് വരുന്നവരായതിനാൽ രക്ഷിതാക്കൾക്ക് സാക്ഷരതയോ ജീവിതത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചയോ ഉണ്ടാകാനിടയില്ല അതിനാൽ തന്നെ ഇത് കുട്ടികളെയും ബാധിക്കുന്നു

പ്രവർത്തനങ്ങൾ

- ക്ലാസ് ലൈബ്രറി
- ബാലമാസികവായന
- പത്രവാർത്ത
- വായന ക്വിസ്
- വായനക്കുറിപ്പ് തയാറാക്കൽ
- അസംബ്ലിയിൽ പുസ്തകപരിചയം
- സാഹിത്യക്വിസ്
- വായിച്ച കഥയെ മറ്റുരീതികളിൽ ആവിഷ്കരിക്കൽ
- ഏറ്റവും കൂടുതൽ വായിച്ച ആളെ കണ്ടെത്തൽ.

കാലയളവ് – വർഷം മുഴുവൻ.

ചുമതല – ക്ലാസ് ടീച്ചർ

സാമ്പത്തികസ്രോതസ്സ് - S.S.A. അധ്യാപകർ,
പൂർവവിദ്യാർത്ഥികൾ

മോണിറ്ററിംഗ് – HM. PTA

മേഖല - പ്രതിഭാപോഷണം.

ലക്ഷ്യം - സാമൂഹികമായും സാമ്പത്തികമായും സമൂഹത്തിന്റെ ഏറ്റവും പിന്നാക്കാവസ്ഥയിൽ കഴിയുന്ന മിടുക്കരായ കുട്ടികളെ മുന്നിലെത്തിക്കുക. അതിനായി അവർക്ക് അവസരങ്ങൾ നൽകുക.

ആമുഖം - നിരക്ഷരരായ രക്ഷിതാക്കളുടെ, പ്രതിഭാധനരായ മക്കൾക്ക് കൂടുതൽ ഉയരത്തിൽ എത്താൻ പറ്റുന്ന സാഹചര്യങ്ങൾ നിലവിലുള്ളത്

പ്രവർത്തനങ്ങൾ

- പഠനത്തിൽ മുന്നിൽ നിൽക്കുന്ന കുട്ടികൾക്ക് L.S.S കോച്ചിംഗ്. പാദവാർഷിക പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ സെപ്റ്റംബർ മാസം മുതൽ തന്നെ ഉച്ചസമയത്തെ ഇടവേളകളിലും ശനിയാഴ്ചകളിലും L.S.S. കോച്ചിംഗ് നടത്തുന്നു. ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.
- കലാകായികം -

  സ്കൂളിലെ ചിത്രരചനാമത്സരങ്ങളിലും കലോത്സവ വേദികളിലും അവസരം നൽകി അവരുടെ പ്രതിഭയെ വാർത്തെടുക്കുന്നു. കൂടാതെ സ്കൂളിൽ നടക്കുന്ന പ്രതിഭാകേന്ദ്രം പ്രവർത്തനങ്ങൾ കുട്ടികളുടെ കഴിവുകൾ വളർത്തിയെടുക്കാവുന്ന നല്ലൊരു വേദികൂടിയാണ്.

കാലയളവ് - വർഷം മുഴുവൻ

ചുമതല - അധ്യാപകർ

സാമ്പത്തിക സ്രോതസ്സ് - S.S.A. PTA

മോണിറ്ററിംഗ് - HM. P.T.A

മേഖല - ഗണിതശേഷി വികസനം.

ലക്ഷ്യം - എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകളിൽ പ്രാവീണ്യം ഉണ്ടാക്കിയെടുക്കുക

ആമുഖം - എല്ലാ കുട്ടികളെയും മുൻനിരയിലെത്തിക്കാൻ പലപ്പോഴും കഴിയാറില്ല എന്നാൽ പിന്നോക്കം. അവർക്ക് മുന്നിലെത്തുന്നതിനും മുന്നാക്കം നിൽക്കുന്നവരെ പ്രോത്സാഹിപ്പിക്കാനും പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടത് അവശ്യഘടകമായിത്തീർന്നിരിക്കുന്നു

പ്രവർത്തനങ്ങൾ.

- സാധനസാമഗ്രികളുമായി സങ്കലന, വ്യവകലന വസ്തുതകൾ അവതരിപ്പിക്കുന്നു
- ആരോഹണ, അവരോഹണ ക്രമങ്ങൾ, സ്ഥാനവില എന്നിവ ഉറപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നൽകുന്നു.
- മെട്രിക് അളവുകളെ നന്നായി കൈകാര്യം ചെയ്യുന്നതിനായി മെട്രിക് മേളകൾ സംഘടിപ്പിക്കുന്നു.
- ഗണിതത്തിൽ താല്പര്യം ജനിപ്പിക്കുന്നതിനായി പസിലുകൾ, പാട്ടുകൾ എന്നിവയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു.
- ഗണിതകേളികൾ, ഗണിതഗാനങ്ങൾ എന്നിവ നൽകുന്നു.
- മന:ക്കണക്കിന് പ്രാധാന്യം നൽകി അവയെ പ്രോത്സാഹിപ്പിക്കുന്നു
- ഉത്തരത്തിലെത്തിച്ചേരാൻ എത്ര വഴികൾ ? പരമാവധി സാധ്യതകൾ കണ്ടെത്തുന്നു.
- അസംബ്ലിയിൽ പസിലുകൾ അവതരിപ്പിച്ച് വിജയികൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്നു.

കാലയളവ് - വർഷം മുഴുവൻ.

വരുമാന സ്രോതസ്സ് - P.T.A

മോണിറ്ററിംഗ് - HM.

മേഖല - പ്രവൃത്തിപരിചയം.

ലക്ഷ്യം - എല്ലാ കുട്ടികളെയും പാഠ്യേതരപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി പ്രവൃത്തിപരിചയ പഠനത്തിൽ പങ്കെടുപ്പിക്കുക.

ആമുഖം - ഓരോ പാഠഭാഗത്തിലും പ്രവൃത്തിപരിചയത്തിന് അവസരമുള്ള ഒരു പാഠ്യപദ്ധതിയാണ് ഇന്ന് നിലവിലുള്ളത്. അത് വേണ്ടത്ര ഫലപ്രദമായി കൈകാര്യം ചെയ്ത് എല്ലാ കുട്ടികൾക്കും പ്രവൃത്തിപരിചയത്തിൽ നിപുണത ഉണ്ടാക്കിയെടുക്കേണ്ടതാണ്.

പ്രവർത്തനം -

- ഓരോ ആഴ്ചയിലും മൂന്ന് പിരീഡ് വീതം ഓരോ ക്ലാസിലും പ്രവൃത്തിപരിചയ പഠനത്തിനായി നീക്കി വയ്ക്കുന്നു. പാഠവുമായി ബന്ധപ്പെട്ട പ്രവൃത്തിപരിചയപ്രവർത്തനങ്ങൾ ആ സമയത്ത് നടത്തുന്നു.
- മാസത്തിൽ മൂന്ന് ശനിയാഴ്ചകളിൽ ഈ മേഖലയിൽ വരുന്ന പ്രവർത്തനങ്ങൾക്ക് സമയം കണ്ടെത്തുന്നു. ഈ തരം പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ച വെയ്ക്കുന്ന കുട്ടികൾക്ക് പ്രവൃത്തിപരിചയ മേളകളിൽ പങ്കെടുക്കുന്നതിന് അവസരം ലഭ്യമാക്കുകയും ചെയ്യുന്നു. മുവംകൂടി നിർമാണം, ഒറിഗാമി, പേപ്പർക്രാഫ്റ്റ് തുടങ്ങിയ ഇനങ്ങളിൽ പരിശീലനം നൽകുന്നു.

കാലയളവ് - 1 വർഷം

വരുമാനസ്രോതസ്സ് - PTA

മോണിറ്ററിംഗ് - HM

മേഖല - പച്ചക്കറി കൃഷി പരിപോഷണം

ലക്ഷ്യം - നല്ല ഭക്ഷണം നാടൻ ഭക്ഷണമാണ് വിഷരഹിത പച്ചക്കറികൾ ഉപയോഗിക്കുന്നത് ആരോഗ്യത്തിന് ഉത്തമമാണ്. ഈ അറിവ് പ്രദാനം ചെയ്യുന്നതിന് നമുക്കാവശ്യമായ പച്ചക്കറികൾ നാം തന്നെ കൃഷി ചെയ്യുന്നു.

ആമുഖം - വിശപ്പ് മാറുന്നതിലുപരി ശരീരവളർച്ചയ്ക്കും പ്രവൃത്തി ചെയ്യാനുള്ള ഊർജ്ജത്തിനും ആഹാരം ആവശ്യമാണ്. രാസവസ്തുക്കൾ ചേർന്ന പച്ചക്കറികൾ ആരോഗ്യത്തിന് ഹാനികരമാണ്. ഇത്തരം ആഹാരം പതിവായി കഴിക്കുന്നത് രോഗങ്ങൾക്കിടയാക്കും. സ്വന്തം പരിസരത്തിൽ നിന്ന് വിഷരഹിത പച്ചക്കറികൾ കൃഷി ചെയ്ത് ആരോഗ്യത്തെ നിലനിർത്തുന്നതിനും രുചിയുള്ള ഭക്ഷണം കഴിക്കുന്നതിനും പച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കുട്ടികളിൽ കൃഷിയോടുള്ള താൽപര്യം വളർത്തുന്നതിനും ഇത് സഹായിക്കും.

പ്രവർത്തനങ്ങൾ

- ഓരോ ക്ലാസിലും ഓരോ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു. അധ്യാപകന്റെ നേതൃത്വത്തിൽ.
- കുട്ടികളുടെയും അധ്യാപകരുടെയും ഭാവനയ്ക്ക് അനുസരിച്ച് കൃഷിയിടങ്ങൾ ഒരുക്കൽ. [അധ്യാപകരുടെയും PTA എന്നിവരുടെ സഹായത്തോടെ.
- വിവിധ പച്ചക്കറികൾ തരംതിരിച്ച് കൃഷിചെയ്യൽ. പച്ചക്കറി, ഇലവർഗം. തക്കാളി, പച്ചമുളക്, വഴുതന, ചീര
- ഏറ്റവും കൂടുതൽ വിളവ് ലഭിക്കുന്ന ക്ലാസിന് പാരിതോഷികങ്ങൾ നൽകുന്നു.
- ജൈവ കൃഷിയിടങ്ങൾ സന്ദർശിക്കൽ.
- കർഷകരുമായി ചർച്ചകൾ നടത്തി ജൈവവളങ്ങൾ നിർമ്മിക്കുന്ന രീതി കണ്ടെത്തുന്നു

[illegible]

[illegible]

[illegible]

[illegible]

കാലയളവ് - വർഷം മുഴുവൻ

ഉത്തരവാദിത്വം - [illegible].

മോണിറ്ററിംഗ് - HM. PTA

XIII

മേഖല

നാടകശില്പശാല

ലക്ഷ്യം

* കുട്ടികളിൽ നാടകാവബോധം വളർത്തുക.
* അവരിൽ നന്മ വളർത്തുക.
* പാഠഭാഗങ്ങൾ നാടകവൽക്കരിക്കുന്നു.

ആമുഖം

നാടകാവബോധം കുട്ടികളിൽ ശാരീരികവും മാനസികവുമായ വളർച്ചക്ക് ഗതിവേഗം കൂട്ടും. അവരിൽ സഹനവും സഹാനുഭൂതിയും സർഗാത്മകതയും വളർത്താൻ നാടകശില്പശാലകൊണ്ട് സാധിക്കും.

പ്രവർത്തനം

നാടകക്കളരിയിലേക്ക് 25-30 കുട്ടികളാണ് വേണ്ടത്. ഇവരെ പത്തു പേർ വീതമുള്ള ഗ്രൂപ്പുകൾ ആക്കണം. ഓരോ ഗ്രൂപ്പിനും ഓരോരോ പരിശീലകരെക്കൂടി പങ്കെടു

ഹിക്കുന്നത് നല്ലതാണ് (ഇതിനുവേണ്ടി പൂർവ്വ വിദ്യാർത്ഥികളുടെ സഹായം തേടും) ഓരോ ഗ്രൂപ്പിനും നാടകവായനയും (പാഠഭാഗങ്ങൾ) ആണ് പിന്നീട് അവതരിപ്പിക്കാനുള്ള അവസരം കൂടി നൽകുന്നു.

സാമ്പത്തികം

ചിലവ്

| | | |
|---|---|---|
| നാടകസാമഗ്രികൾ | - | 1000 |
| പരിശീലകർ | - | 1000 |
| ഭക്ഷണം | - | 3000 |

മോണിറ്ററിംഗ്

SMC കമ്മറ്റി, PTA കമ്മറ്റി എന്നിവയിൽ നിന്ന് തിരഞ്ഞെടുത്ത മോണിറ്ററിംഗ് കമ്മറ്റി.

## മേഖല XIV

## ജൈവവൈവിധ്യ പാർക്ക്

### ലക്ഷ്യങ്ങൾ

* കുട്ടികളിൽ പ്രകൃതിസ്നേഹം ഉണ്ടാക്കുക
* പ്രകൃതി സന്തുലനാവസ്ഥ മനസ്സിലാക്കാൻ അവസരം നൽകുക.
* കാഴ്ച, ശബ്ദം എന്നിവയുടെ ഉണർവ്
* ഔഷധ സസ്യങ്ങളെക്കുറിച്ചുള്ള അറിവ് ഉണ്ടാക്കുക.

### ആമുഖം.

സ്കൂളുകളും മുറ്റവും ടൈൽ പാകി കുട്ടികളെ പ്രകൃതിയിൽ നിന്നും മണ്ണിൽ നിന്നും അകറ്റുന്നതിന് ബദലായി ഓരോ സ്കൂളിലും ജൈവവൈവിധ്യ പാർക്കുകൾ ആവശ്യമാണ്

### പ്രവർത്തനം

സ്കൂൾ മുറ്റത്തോട് ചേർന്നുള്ള ടാങ്കിൽ ജലസസ്യങ്ങളും ജലജീവികളെയും വളർത്തണം.

## വേല

### ഒറിഗാമി ശില്പശാല

ലക്ഷ്യം.

* കൃത്യതയും ക്ഷമയും കൂട്ടുക
* പഠനം രസാവഹമാക്കുക
* കുട്ടികളിൽ ശ്രദ്ധ കൂട്ടുക.

ആമുഖം.

കടലാസുകൊണ്ട് അവ മുറിച്ചുമാറ്റി വീണ്ടും കൂട്ടിച്ചേർക്കാതെ ഉണ്ടാക്കുന്ന രൂപങ്ങളാണ് ഒറിഗാമി.

പ്രവർത്തനം.

കുട്ടികൾക്ക് കടലാസുകൾ, പലവർണ്ണങ്ങളിലുള്ളവ നൽകി പരിശീലകൻ നൽകുന്ന നിർദേശങ്ങൾ അനുസരിച്ച് രൂപങ്ങൾ ഉണ്ടാക്കുന്നു

സാമ്പത്തികം

| | | |
|---|---|---|
| പരിശീലകൻ | - | 500 |
| പോസ്റ്റർ | - | 500 |
| ചായ, ബിസ്കറ്റ് | - | 300 |
| ആകെ | | 1300 |

മോണിറ്ററിംഗ്

PTA സമിതി SRG

## സ്കൂൾ പത്രം

ആമുഖം - സ്കൂൾ വാർത്തകൾ, പ്രാദേശികവാർത്തകൾ ഇവ ശേഖരിക്കുകയും പ്രാധാന്യത്തിനനുസരിച്ച് ക്രമീകരിക്കുകയും മറ്റു കുട്ടികളിലേക്ക് എത്തിക്കുകയും പത്രവാർത്തകൾ വായിക്കാനുള്ള പ്രോത്സാഹനം കുട്ടികൾക്ക് ലഭിക്കുന്നതിനും വേണ്ടിയാണ് സ്കൂൾപത്രം എന്ന ആശയം നടപ്പിലാക്കുന്നത്

ലക്ഷ്യം - പത്രവാർത്തകൾ കൃത്യമായി വായിക്കുന്നതിനും ഗ്രഹിക്കുന്നതിനും വേണ്ടി.
വാർത്തകളുടെ പ്രാധാന്യമനുസരിച്ച് ക്രമപ്പെടുത്തൽ
• വിവിധതരം വാർത്തകളുടെ അന്വേഷിക്കൽ

വിഷയം - പൊതുവിജ്ഞാനം
• വാർത്തകളുടെ ക്രമീകരണം
• പത്രവായന.

കാലയളവ് - ജൂൺ മുതൽ മാർച്ച് വരെ.

### പ്രവർത്തനം

1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ വെവ്വേറെ കഴിവുകളുടെ അടിസ്ഥാനത്തിൽ എഡിറ്റോറിയൽ ബോർഡ് തിരഞ്ഞെടുക്കുകയും ചീഫ് എഡിറ്റർ, ലേഖകർ എന്നീ സ്ഥാനങ്ങൾ നിശ്ചയിക്കുന്നു. തുടർന്ന് വാർത്തകൾ ശേഖരിക്കുകയും അവയുടെ പ്രാധാന്യമനുസരിച്ച് തരംതിരിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്നു. ഇത് കുട്ടികളിൽ പത്രവായന പ്രോത്സാഹിപ്പിക്കാനും വാർത്തകൾ എഴുതുന്ന രീതി പഠിക്കാനും വാർത്തകൾക്ക് വെവ്വേറെ സ്വഭാവങ്ങളുണ്ടെന്ന് മനസ്സിലാക്കാനും സഹായിക്കുന്നു. കൂടാതെ എഴുത്ത്, വായന, വര എന്നിവയിൽ പ്രാവീണ്യം നേടാൻ ഉതകുന്നു.

# സ്കൂൾ പത്രം

**ആമുഖം** - സ്കൂൾ വാർത്തകൾ, പ്രാദേശിക വാർത്തകൾ ഇവ ശേഖരിക്കുകയും പ്രാധാന്യത്തിനനുസരിച്ച് ക്രമീകരിക്കുകയും മറ്റു കുട്ടികളിലേക്ക് എത്തിക്കുകയും പത്രവാർത്തകൾ വായിക്കാനുള്ള പ്രചോദനം കുട്ടികൾക്ക് ലഭിക്കുന്നതിനും വേണ്ടിയാണ് സ്കൂൾ പത്രം എന്ന ആശയം നടപ്പിലാക്കുന്നത്

**ലക്ഷ്യം** - പത്രവാർത്തകൾ കൂടുതൽ വായിക്കുന്നതിനും ശേഖരിക്കുന്നതിനും വേണ്ടി.
- വാർത്തകളുടെ പ്രാധാന്യമനുസരിച്ച് ക്രമപ്പെടുത്തൽ
- വിവിധതരം വാർത്തകളുടെ അന്വേഷിക്കാൻ

**വിഷയം** - പൊതുവിജ്ഞാനം
- വാർത്തകളുടെ ക്രമീകരണം
- പത്രവായന.

**കാലയളവ്** - ജൂൺ മുതൽ മാർച്ച് വരെ.

## പ്രവർത്തനം

1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ വൈദഗ്ധ്യ കഴിവുകളുടെ അടിസ്ഥാനത്തിൽ എഡിറ്റോറിയൽ ബോർഡ് തിരഞ്ഞെടുക്കുകയും ചീഫ് എഡിറ്റർ, ലേഖകൻ എന്നീ തസ്തികകൾ നിശ്ചയിക്കുന്നു. തുടർന്ന് വാർത്തകൾ ശേഖരിക്കുകയും അവയുടെ പ്രാധാന്യമനുസരിച്ച് തരംതിരിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്നു. ഇത് കുട്ടികളിൽ പത്രവായന പ്രോത്സാഹിപ്പിക്കാനും വാർത്തകൾ എഴുതുന്ന രീതി പഠിക്കാനും വാർത്തകൾക്ക് വെവ്വേറെ സ്വഭാവങ്ങളുണ്ടെന്ന് മനസ്സിലാക്കാനും സഹായിക്കുന്നു. കൂടാതെ എഴുത്ത്, വായന, വര എന്നിവയിൽ പ്രാവീണ്യം നേടാൻ ഉതകുന്നു.

സാമ്പത്തികം - 500 രൂപ [A-4 Sheet, Drawing Sheet, Marker, Crayons]

മോണിറ്ററിംഗ് കമ്മിറ്റി - P.T.A, M.P.T.A എന്നിവയിൽ നിന്ന് തിരഞ്ഞെടുത്ത കമ്മിറ്റി

പെർഫോമൻസ് ബോർഡ്

4-ാം ക്ലാസ് - ഷിഫാന, അക്ഷയ്, ശ്രീനാഥ്
3-ാം ക്ലാസ് - അനുശ്രീ, ശ്രീരാഗ്
2-ാം ക്ലാസ് - ആരാധ്യ, അവിനാശ്